ഒന്ന്

# സത്യസന്ധത

കുട്ടികളേ,
വിഷയത്തിലേക്ക് വരുന്നതിനു മുമ്പ് ഒരു കഥ പറയാം. അപ്പോൾ നിങ്ങൾക്ക് വിഷയം എന്താണെന്ന് മനസ്സിലാകും.
അതായത്, ഒരു കൃഷിക്കാരനുണ്ടായിരുന്നു. അയാൾ തൻെറ കൂട്ടുകാരനിൽനിന്ന് കുറച്ചു ഭൂമി വിലയ്ക്ക് വാങ്ങി. അവിടെ കൃഷി ചെയ്യുന്നതിനായി അയാൾ അവിടെ കിളക്കുകയായിരുന്നു. അതിനിടയിൽ ഒരു മൺപാത്രം മണ്ണിനടിയിൽ കിടക്കുന്നത് അയാൾ കണ്ടു. അയാൾ വേഗം അതെടുത്തുനോക്കി. പാത്രം തുറന്നുനോക്കിയ അയാളുടെ കണ്ണുകൾ അത്ഭുതം കൊണ്ട് വികസിച്ചു. കാര്യം എന്തെന്നല്ലേ? ആ പാത്രം നിറയെ സ്വർണ്ണനാണയങ്ങളായിരുന്നു.

അയാൾ ഉടനെ എന്ത് ചെയ്തെന്നോ? അതുമായി നേരെ തനിക്ക് സ്ഥലം വിറ്റ തൻെറ കൂട്ടുകാരൻെറയടുത്തേക്ക് പോയി. സ്വർണം നിറച്ച പാത്രം അവൻെറ മുമ്പിൽ വെച്ച് കൃഷിക്കാരൻ പറഞ്ഞു:

“ഇതാ, ഈ സ്വർണം മുഴുവൻ നിൻെറതാണ്. ഇതെടുത്തോളൂ.”
കൂട്ടുകാരൻ അത്ഭുതത്തോടെ ചോദിച്ചു: “ഇത്രയധികം സ്വർണം നിനക്ക് എവിടെനിന്ന് കിട്ടി?”
“ഇതോ, ഇത് നീ എനിക്ക് വിറ്റ സ്ഥലത്തുനിന്നും കിട്ടിയതാണ്. നീയാണ് ഇതിൻെറ ഉടമ.”
“ഏയ്, ഞാനല്ല ഇതിൻെറ ഉടമ. നീ തന്നെയാണ്. സ്ഥലം ഞാൻ നിനക്ക് വിറ്റതല്ലേ?”
“അല്ലല്ല, ഞാൻ നിന്നോട് സ്ഥലം മാത്രമേ വാങ്ങിയിട്ടുള്ളൂ. അതിലെ നിധി വാങ്ങിയിട്ടില്ല.”
“എല്ലാം ഉൾപ്പെടെയാണ് ഞാൻ നിനക്ക് വിറ്റത്. സ്വർണം നീ തന്നെ എടുത്തോളൂ.”

അവർ തമ്മിൽ തർക്കമായി. ഒടുവിൽ രണ്ടു പേരും ഒരു ജഡ്ജിയെ സമീപിച്ചു. അവരുടെ വാദം കേട്ട ജഡ്ജി ചോദിച്ചു: “നിങ്ങൾ രണ്ടു പേർക്കും കുട്ടികളുണ്ടോ?”
ഒരാൾ പറഞ്ഞു: “അതെ. എനിക്ക് ഒരു പെൺകുട്ടിയുണ്ട്.”
“എനിക്ക് ഒരു ആൺകുട്ടിയുണ്ട്.” രണ്ടാമത്തെ ആൾ പറഞ്ഞു.
ജഡ്ജി പറഞ്ഞു: “നീ നിൻെറ ആൺകുട്ടിയെക്കൊണ്ട് ഇയാളുടെ പെൺകുട്ടിയെ വിവാഹം കഴിപ്പിക്ക്. അവർ രണ്ടു പേർക്കുമായി ഈ സ്വർണം ദാനമായി കൊടുക്കുകയും ചെയ്യുക.”

എന്താണ് കഥയിലെ പാഠം? നാം എപ്പോഴും സത്യസന്ധതയോടെ ജീവിക്കണമെന്ന് അല്ലേ? വളരെ വലിയ ഗുണമാണ് സത്യസന്ധത. സത്യസന്ധരെ മാത്രമേ ആളുകൾ ഇഷ്ടപ്പെടുകയുള്ളൂ. അല്ലാത്തവരെ ജനങ്ങൾ വെറുക്കും. അത്തരക്കാരുടെ വാക്കുകൾ ആരും കേൾക്കുകയില്ല. അവൻ കൊള്ളരുതാത്തവനാണ്, അവനോട് അടുക്കരുത് എന്നൊക്കെ അവനെപ്പറ്റി പരസ്പരം പറയുകയും ചെയ്യും. അതെന്തു മാത്രം മോശമാണെന്നറിയുമോ?

ആളുകൾക്കിടയിൽ നമുക്ക് നല്ല പേര് ലഭിക്കണമെങ്കിൽ നാം സത്യസന്ധരായി തന്നെ ജീവിക്കണം. ആവട്ടെ, എന്തൊക്കെയാണ് സത്യസന്ധതയുടെ അടയാളങ്ങൾ?

ഒരാൾ നമ്മെ വല്ലതും ഏല്പിച്ചാൽ അത് സമയത്തു തന്നെ അയാളെ തിരിച്ചേല്പിക്കുക, സംസാരിക്കുമ്പോൾ സത്യം മാത്രം പറയുക, ആരെയും പറ്റിക്കാതിരിക്കുക, വഞ്ചിക്കാതിരിക്കുക, വഴിയിൽവെച്ച് വല്ലതും കളഞ്ഞുകിട്ടിയാൽ അതിൻെറ ഉടമസ്ഥർക്ക് അത് തിരിച്ചുകൊടുക്കുക, ആരോടെങ്കിലും വാഗ്ദാനം ചെയ്താൽ അത് പാലിക്കുക തുടങ്ങിയവയൊക്കെ സത്യസന്ധതയിൽ പെട്ടതാണ്.

നാം ദൈവത്തിന് ഇഷ്ടപ്പെട്ടതുപോലെയാണല്ലോ ജീവിക്കേണ്ടത്. സത്യസന്ധരായി ജീവിക്കാനാണ് അവൻ നമ്മോട് കല്പിച്ചത്. സത്യസന്ധതയില്ലാത്തവരെ അല്ലാഹു ഒട്ടും ഇഷ്ടപ്പെടില്ല.

പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു: “സത്യസന്ധത പുണ്യത്തിലേക്കും പുണ്യം സ്വർഗത്തിലേക്കും നയിക്കും.”

അപ്പോൾ നാം എന്തു ചെയ്യണം? സത്യസന്ധരായി ജീവിക്കണം, അത്രതന്നെ. ആരെയും വഞ്ചിക്കരുത്. ആരുടെയും സാധനങ്ങൾ അവരുടെ അനുവാദം കൂടാതെയും അവർ കാണാതെയും എടുക്കരുത്. ആരെപ്പറ്റിയും കളവ് പറയരുത്. ആരോടും ദേഷ്യവും അസൂയയും വെച്ച് നടക്കരുത്. സംസാരിക്കുമ്പോൾ സത്യം മാത്രം പറയുക. ഇങ്ങനെ സത്യസന്ധരായി ജീവിച്ചാൽ അല്ലാഹു നമ്മെ ഇഷ്ടപ്പെടും. അവൻ നമ്മെ ഇഷ്ടപ്പെട്ടാൽ നമുക്കവൻ ധാരാളം നന്മകളും ചെയ്തുതരും, തീർച്ച.